പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3601 26.06.2012 ൽ മറുപടിയ്ക്ക്

# ക്വാർട്ടേഴ്സുകൾ അനുവദിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡ് വക സബ്സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇപ്പോൾ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സമയങ്ങളിലായാണ് ഇത് ഏർപ്പെടുത്തിയിട്ടുള്ളത് എന്നും ഏതൊക്കെ വിഭാഗം ജീവനക്കാർക്കാണ് ഷിഫ്റ്റ് ബാധകമാക്കിയിട്ടുള്ളതെന്നും തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (എ) | വൈദ്യുതി ബോർഡ് വക സബ്സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.<br>സബ്സ്റ്റേഷനുകളുടെ സുഗമമായ പ്രവർത്തനത്തിന് ദിവസവും മൂന്ന് ഷിഫ്റ്റുകളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായങ്ങൾ ഇപ്രകാരമാണ്. |

| | | |
|---|---|---|
| 1 | രാവിലെ 7.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണിവരെ | 1st Shift |
| 2 | ഉച്ചയ്ക്ക് 1.00 മണിമുതൽ രാത്രി 9.00 മണിവരെ | 2nd Shift |
| 3 | രാത്രി 9.00 മണിമുതൽ അടുത്ത ദിവസം രാവിലെ 7.00 മണിവരെ | 3rd Shift |

400 കെ.വി. സബ്സ്റ്റേഷനിൽ ഓപ്പറേഷൻ വിഭാഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ, ഓവർസീയർ/ ലൈൻമാൻ (ഷിഫ്റ്റ് അസിസ്റ്റന്റ്) എന്നീ തസ്തികയിലുള്ള ജീവനക്കാർക്കും 220 കെ.വി., 110 കെ.വി.,

(...2)

66 കെ.വി. സബ്സ്റ്റേഷനുകളിൽ ഓപ്പറേഷൻ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, സബ്എഞ്ചിനീയർ, ഓവർസീയർ/ ലൈൻമാൻ (ഷിഫ്റ്റ് അസിസ്റ്റന്റ്) എന്നീ തസ്തികയിലുള്ള ജീവനക്കാർക്കുമാണ് ഷിഫ്റ്റ് ബാധകമാക്കിയിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് ഏതൊക്കെ സബ് സ്റ്റേഷനുകളിൽ ഷിഫ്റ്റ് സമ്പ്രദായം നടപ്പാക്കുന്നുണ്ട്;

(ബി) എല്ലാ സബ്സ്റ്റേഷനുകളിലും ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഷിഫ്റ്റ് സമ്പ്രദായം നടപ്പാക്കുമ്പോൾ രണ്ടാം ഷിഫ്റ്റിലും രാത്രിയിലും ജോലി നേക്കേണ്ടിവരുന്ന വതിനാജീവനക്കാർക്കായി എന്തൊക്കെ സൗകര്യങ്ങളാണ് സബ്സ്റ്റേഷനുകളിൽ ലഭ്യമാക്കിയിട്ടുള്ളത്എന്ന് വ്യക്തമാക്കാമോ;

(സി) ചുരുക്കം ചില സബ്സ്റ്റേഷനുകൾ ഒഴികെ ബാക്കി എല്ലാ സബ്സ്റ്റേഷനുകളിലും ജീവനക്കാർക്ക്താമസത്തിനായി ക്വാർട്ടേഴ്സ് സൗകര്യം ഉണ്ട്. കൂടാതെ ഭൂരിഭാഗം സബ്സ്റ്റേഷനുകളിലും സെക്യൂരിറ്റി ഗാർഡുകളേയും നിയോഗിച്ചിട്ടുണ്ട്.

(ഡി) ഷിഫ്റ്റ് സമ്പ്രദായം നടപ്പാക്കിയിട്ടുള്ള ഏതൊക്കെ സബ് സ്റ്റേഷനുകളിൽ ജീവനക്കാർക്ക്ക്വാർട്ടേഴ്സ് സംവിധാനമുണ്ട് എന്ന് പേരു സഹിതം വ്യക്തമാക്കാമോ;

(ഡി) ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ള സബ്സ്റ്റേഷനുകളിലെ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരം അനുബന്ധമായി ചേർക്കുന്നു.

| | | | |
|---|---|---|---|
| (ഇ) | ക്വാർട്ടേഴ്സുകൾ നിലവിലില്ലാത്ത സബ് സ്റ്റേഷനുകളിൽ ജോലി നോക്കേണ്ടിവരുന്ന വനിതാജീവനക്കാർക്ക്, രണ്ടാം ഷിഫ്റ്റിലെജോലി അവസാനിപ്പിച്ചതിനുശേഷം വീട്ടുകളിലേയ്ക്ക് മടങ്ങാൻ കഴിയാത്ത സാഹചര്യം ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച പരാതി ലഭ്യമായാൽ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്. |

-/-

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്